ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 22.06.2025

പ്രധാന വാർത്തകൾ

TIME : 12.50 PM

1. പഹൽഗാം ഭീകരാക്രമണത്തിൽ തീവ്രവാദികൾക്ക് സഹായം നൽകിയ രണ്ട് പേരെ ദേശീയ അന്വേഷണ ഏജൻസി കസ്റ്റഡിയിൽ എടുത്തു.

   Two held by NIA for aiding terrorists in Pahalgam attack.

2. ഇറാൻ ആണവ കേന്ദ്രങ്ങളിൽ യുഎസ് വ്യോമാക്രമണം; ഇസ്രയേലിൽ പ്രത്യാക്രമണം നടത്തി ഇറാൻ. കനത്ത പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി.

   U.S. airstrikes target Iran's nuclear sites; Iran retaliates with attack on Israel, Iran's Foreign minister warns of severe consequences.

3. ഇറാനിലെ വ്യോമാക്രമണത്തിൽ യുഎസ് പ്രസിഡന്റിനെ പ്രശംസിച്ച് ഇസ്രയേൽ പ്രധാനമന്ത്രി. നയതന്ത്രമാർഗ്ഗത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്.

   Israel PM praises U.S. President over Iran strikes; UN Secretary General Calls for peaceful resolution through diplomacy.

4. കേരളത്തിൽ, നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. ഒരുക്കങ്ങൾ

പൂർണ്ണം.

**Kerala gears up for Nilambur by-election results; counting scheduled for tomorrow; preparations complete.**

5. ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും.

**England to resume first innings today against India in Leeds test.**

&&&&&&&&&&&&&&&&&

## PM-MULTI NATION VISIT

ഭീകരതയെ ചെറുക്കുന്നതിൽ ആഗോള സമവായം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ജൂലൈയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ബഹുരാഷ്ട്ര പര്യടനം നടത്തും. ബ്രസീലിൽ 17-ാ മത് ബ്രിക്സ് ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും. മൊറോക്കോ, അർജന്റീന, ബ്രസീൽ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, ജോർദാൻ എന്നീ രാജ്യങ്ങളിലാണ് ശ്രീ മോദി സന്ദർശനം നടത്തുക.

**************************

### HEADLINE – 1

## NIA-PAHALGAM

പഹൽഗാമിൽ ആക്രമണം നടത്തിയ തീവ്രവാദികൾക്ക് സഹായം നൽകിയ രണ്ട് പേർ പിടിയിൽ. ബട്കോട്ട് സ്വദേശി പർവൈസ് അഹമ്മദ് ജോത്തർ, പഹൽഗാമിലെ ഹിൽ പാർക്ക് സ്വദേശി ബഷീർ അഹമ്മദ് ജോത്തർ എന്നിവരെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ആക്രമണത്തിൽ ഉൾപ്പെട്ട മൂന്ന് ആയുധധാരികളായ തീവ്രവാദികളുടെ വിവരങ്ങൾ ഇവരിൽ നിന്നും ലഭിച്ചതായി എൻഐഎ പറഞ്ഞു. നിരോധിത ഭീകര സംഘടനയായ ലഷ്കർ-ഇ-തൊയ്ബയുമായി ബന്ധമുള്ള പാകിസ്ഥാൻ പൗരന്മാരാണ് അക്രമികളെന്നും പിടിയിലായവർ സ്ഥിരീകരിച്ചിട്ടുണ്ട്.

**************************

## AMIT SHAH

പാകിസ്ഥാനുമായുള്ള സിന്ധു നദീജല കരാർ ഇന്ത്യ പുനഃസ്ഥാപിക്കില്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. പാകിസ്ഥാനിലേക്ക് ഒഴുകുന്ന അധിക ജലം കൊണ്ടുപോകാൻ രാജസ്ഥാനിൽ നിന്ന് കനാൽ നിർമ്മിക്കുമെന്നും അദ്ദേഹം പറഞ്ഞു. തീവ്രവാദത്തിനെതിരെ സഹിഷ്ണുതയില്ലാത്ത നയം തുടരുമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി ഒരു ഇംഗ്ലീഷ് ദിനപത്രത്തിന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി.

***************************

**HEADLINE – 2**

## US STRIKES- IRAN RESPONSE

ഇറാൻ ആണവ കേന്ദ്രങ്ങളിൽ യുഎസ് നടത്തിയ വ്യോമാക്രമണത്തിന് പിന്നാലെ ഇസ്രയേലിൽ ഇറാന്റെ പ്രത്യാക്രമണം. ഹൈഫ ഉൾപ്പെടെ ഇസ്രയേലിലെ നിരവധി പ്രദേശങ്ങൾ ലക്ഷ്യമാക്കി 30 ലധികം ബാലിസ്റ്റിക് മിസൈലുകൾ ഇറാൻ വിക്ഷേപിച്ചു. ആക്രമണം ഇസ്രായേൽ പ്രതിരോധ സേന സ്ഥിരീകരിച്ചിട്ടുണ്ട്. രണ്ട് കുട്ടികൾ ഉൾപ്പെടെ 16 പേർക്ക് പരിക്കേറ്റതായാണ് വിവരം. ഇറാന്റെ മൂന്ന് ആണവ കേന്ദ്രങ്ങളിൽ, ആക്രമണം നടത്തിയതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് വ്യക്തമാക്കിയിരുന്നു. ഫോർഡോ, നതാൻസ്, ഇസ്ഫഹാൻ എന്നിവിടങ്ങളിലെ ആണവ കേന്ദ്രങ്ങളിലാണ് യുഎസ് ആക്രമണം ഉണ്ടായത്.

***************************

## IAEO-IAEA-US STRIKES

ഇറാന്റെ ആണവ കേന്ദ്രങ്ങൾക്ക് നേരെയുണ്ടായ ആക്രമണങ്ങൾ അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്ന് ഇറാൻ ആണവോർജ്ജ സംഘടന. ആണവ നിലയങ്ങൾക്ക് സമീപമുള്ളവർക്ക് വികിരണമേറ്റതിന്റെ ലക്ഷണങ്ങളില്ലെന്നും ടെഹ്റാൻ ഏജൻസി പറഞ്ഞു. രാജ്യത്തെ ആണവ വ്യവസായം മുന്നോട്ട് കൊണ്ടുപോകുമെന്നും നിയമപരമായ നടപടികൾ ഉൾപ്പെടെ സ്വീകരിക്കുമെന്നും സംഘടന വ്യക്തമാക്കി. അതേസമയം, യു.എസ് വ്യോമാക്രമണത്തെത്തുടർന്ന് ആണവ കേന്ദ്രത്തിന്റെ സമീപ പ്രദേശങ്ങളിൽ വികിരണ അളവിൽ

വർധനവ് ഉണ്ടായിട്ടില്ലെന്ന് അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയും ഐക്യരാഷ്ട്ര സംഘടനയുടെ ആണവ നിരീക്ഷണ സംഘവും അറിയിച്ചു.
****************************

## NEPAL-SRI LANKA-OP SINDHU

സംഘർഷം തുടരുന്ന ഇറാനിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കാനുള്ള ഓപ്പറേഷൻ സിന്ധു തുടരുന്നു. ഇതുവരെ 1,117 ഇന്ത്യക്കാരെ തിരികെയെത്തിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അതിനിടെ, ഓപ്പറേഷൻ സിന്ധുവിലൂടെ തങ്ങളുടെ പൗരന്മാരെ ഒഴിപ്പിക്കാൻ സഹായിച്ചതിന് നേപ്പാളും ശ്രീലങ്കയും ഇന്ത്യയോട് നന്ദി അറിയിച്ചു.
****************************

## OPERATION SINDHU - MALAYALI STUDENT (INTRO)

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇന്നലെ ഇറാനിൽ നിന്നും എത്തിയ സംഘത്തിൽ മലയാളി വിദ്യാർത്ഥിയും. ഇറാനിൽ രണ്ടാം സെമസ്റ്റർ എംബിബിഎസ് വിദ്യാർത്ഥിനിയായ മലപ്പുറം മുടിക്കോട് സ്വദേശി ഫാദില കച്ചക്കാരനാണ് ഇന്നലെ കൊച്ചിയിൽ എത്തിയത്. ഇന്ത്യൻ എംബസിയുടെ ഭാഗത്ത് നിന്ന് എല്ലാ സഹായവും ലഭിച്ചതായി ഫാദില പറഞ്ഞു.

(ഹോൾഡ് വോയിസ്)

****************************

**HEADLINE – 2a**

## IRAN-FOREIGN MINISTER

ഇറാന്റെ മൂന്ന് ആണവ കേന്ദ്രങ്ങളിൽ ഇസ്രയേൽ സഹകരണത്തോടെ അമേരിക്കൻ സൈന്യം നടത്തിയ ആക്രമണത്തെ ശക്തമായി അപലപിച്ച് ഇറാൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരഘ്ചി. സമാധാനത്തിനും സുരക്ഷക്കുമായുള്ള യു.എൻ ചാർട്ടർ, ആണവ നിർവ്യാപന ഉടമ്പടി തുടങ്ങിയവ യുഎസ് ലംഘിച്ചതായി അദ്ദേഹം

ആരോപിച്ചു. ആക്രമണങ്ങൾക്ക് കനത്ത പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും ഇറാൻ വിദേശകാര്യ മന്ത്രി മുന്നറിയിപ്പ് നൽകി.
***************************

**HEADLINE – 3**

## GUTERRES-NETANYAHU- US STRIKES

ഇറാന്റെ ആണവ കേന്ദ്രങ്ങൾ ആക്രമിക്കാനുള്ള യുഎസ് പ്രസിഡന്റിന്റെ തീരുമാനത്തെ പ്രശംസിച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. ട്രംപിന്റെ നീക്കം ചരിത്രം തിരുത്തി കുറിക്കുന്നതാണെന്ന് ഇസ്രയേൽ പ്രധാനമന്ത്രി വീഡിയോ സന്ദേശത്തിൽ പറഞ്ഞു. അതേസമയം ഇറാനെതിരായ യുഎസ് ആക്രമണങ്ങൾ അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയാണെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് വ്യക്തമാക്കി. നയതന്ത്രമാർഗ്ഗത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും അദ്ദേഹം പറഞ്ഞു.
***************************

## SHAH - CHHATTISGARH VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ രണ്ട് ദിവസത്തെ ഛത്തീസ്ഗഢ് സന്ദർശനം ഇന്ന് ആരംഭിക്കും. തലസ്ഥാനമായ റായ്പൂരിലും നാരായൺപൂർ ജില്ലയിലും നടക്കുന്ന വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. ഛത്തീസ്ഗഢിലെയും അയൽ സംസ്ഥാനങ്ങളിലെയും പോലീസ് ഡയറക്ടർ ജനറലുമായും അഡീഷണൽ ഡയറക്ടർ ജനറലുമായും കേന്ദ്ര ആഭ്യന്തരമന്ത്രി കൂടിക്കാഴ്ച നടത്തും.
***************************

**HEADLINE – 4**

## NILAMBUR

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. ചുങ്കത്തറ മാർത്തോമ്മ ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം പോസ്റ്റൽ വോട്ടും തുടർന്ന് ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിലെ വോട്ടും എണ്ണും. വോട്ടെണ്ണലിനുള്ള എല്ലാ സജ്ജീകരണങ്ങളും

പൂർത്തിയായി. സ്ഥലത്ത് കേന്ദ്രസേനയുടെയും പോലീസിന്റെയും ത്രിതല സുരക്ഷ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
***************************

## RAIN - KERALA
കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.
***************************

## KUTTANAD (INTRO)
കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്ന കുട്ടനാട്ടിൽ സ്ഥിതി മാറ്റമില്ലാതെ തുടരുന്നു.
വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....

(വോയിസ്)

***************************

## RAIN FOREST DAY
ഇന്ന് ലോക മഴക്കാട് ദിനം. 2017-ൽ റെയിൻഫോറസ്റ്റ് പാർട്ണർഷിപ്പാണ് ദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. കാലാവസ്ഥ, ജൈവവൈവിധ്യം, സംസ്കാരം, ഉപജീവനമാർഗ്ഗം എന്നിവയ്ക്കായി മഴക്കാടുകളുടെ പ്രാധാന്യം ആഘോഷിക്കുകയും അവയെ സംരക്ഷിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമാണ് ദിനാചരണം ലക്ഷ്യമിടുന്നത്.
***************************

**HEADLINE – 5**
## INDIA ENGLAND - TEST CRICKET
ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ആതിഥേയരായ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം. ഇന്നലെ കളി അവസാനിക്കുമ്പോൾ ഇംഗ്ലണ്ട്, 3 വിക്കറ്റിന് 209 റൺസ് എന്ന

നിലയിലാണ്. 100 റൺസോടെ ഒല്ലി പോപ്പും റൺസൊന്നുമെടുക്കാതെ ഹാരി ബ്രൂക്കും ക്രീസിലുണ്ട്. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 471 റൺസിന് അവസാനിച്ചിരുന്നു.
***************************

## DELHI - OLYMPIC DAY RUN

ന്യൂഡൽഹിയിലെ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഒളിമ്പിക് ഡേ റൺ സംഘടിപ്പിച്ചു. ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയും കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പി ടി ഉഷ പങ്കെടുത്തു. 2036 ലെ ഒളിമ്പിക് മത്സരങ്ങൾക്ക് ആതിഥേയത്വം വഹിക്കാൻ ഡൽഹി പൂർണ്ണ സജ്ജമാണെന്ന് ശ്രീമതി രേഖ ഗുപ്ത പറഞ്ഞു.
***************************

## EGYPT FOREIGN MINISTER

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഈജിപ്ത് വിദേശകാര്യ മന്ത്രി ബദർ അബ്ദലട്ടി നാളെ ഇന്ത്യയിലെത്തും. സന്ദർശന വേളയിൽ, കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, അശ്വിനി വൈഷ്ണവ്, എസ്. ജയ്ശങ്കർ എന്നിവരുമായി ഈജിപ്ത് വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തും.
***************************

## DGCA - AIR INDIA

ക്രൂ ഷെഡ്യൂളിങ്ങിൽ ഗുരുതര വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കാൻ എയർ ഇന്ത്യക്ക് ഡിജിസിഎയുടെ നിർദേശം. ഡിവിഷണൽ വൈസ് പ്രസിഡന്റ് ഉൾപ്പെടെ മൂന്ന് മുതിർന്ന ഉദ്യോഗസ്ഥരെ ജോലിയിൽ നിന്ന് മാറ്റിനിർത്താനാണ് നിർദേശം. ജീവനക്കാരുടെ വിശ്രമം, ലൈസൻസിങ് എന്നിവയുമായി ബന്ധപ്പെട്ട് കമ്പനിയിലുണ്ടായ ഗുരുതരമായ വീഴ്ചകൾക്ക് ഈ ഉദ്യോഗസ്ഥർ കാരണക്കാരായതായി ഡിജിസിഎ വ്യക്തമാക്കി.
***************************

## BANGLADESH TRI-NATION MEETING

ആറാമത് ചൈന - ദക്ഷിണേഷ്യ സഹകരണത്തിന്റെ ഭാഗമായി ബംഗ്ലാദേശ്, ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ അനൗപചാരിക യോഗം ചേർന്നു. പരസ്പര വിശ്വാസം, മേഖലയിലെ സമാധാനം, സമൃദ്ധി, സ്ഥിരത തുടങ്ങിയവ ശക്തമാക്കാനുള്ള നടപടികൾ ചർച്ചയായതായി ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം പത്രക്കുറിപ്പിൽ അറിയിച്ചു.
***************************

## PM - BALA PURASKAR

വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച കുട്ടികൾക്കായി പ്രധാൻമന്ത്രി രാഷ്ട്രീയ ബാലപുരസ്ക്കാർ നൽകുന്നതിനായി നാമനിർദ്ദേശം ക്ഷണിച്ചു. ധീരത, സാമൂഹ്യപ്രവർത്തനം, പരിസ്ഥിതി, കായികരംഗം, കലയും സംസ്ക്കാരവും, ശാസ്ത്ര സാങ്കേതികവിദ്യ എന്നിവയിൽ കഴിവുതെളിയിച്ച, 18 വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്കാണ് രാഷ്ട്രപതി പുരസ്ക്കാരം നൽകുക. നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 31.

*

**********

*******************************************